LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്
"ഭരണഭാഷ-മാതൃഭാഷ"

**വടക്കേക്കര ഗ്രാമപഞ്ചായത്ത്**

വടക്കേക്കര പി. ഒ., പിൻ – 683 522, പറവൂർ
എറണാകുളം, ഫോൺ : 0484 - 2442265

നമ്പർ: JC4-3009/24

*തീയതി :* **04.04.2023**

**വടക്കേക്കര ഗ്രാമപഞ്ചായത്ത് 15-ാം വാർഡിലെ സതീശന്, വടശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള പീലിംഗ് ഷെഡിനെതിരെ സുകേശൻ പി എസ്, പൂമാലിൽ, വാവക്കാട് എന്നയാൾ സമർപ്പിച്ച പരാതിയിൻമേൽ സമർപ്പിക്കുന്ന സ്ഥലപരിശോധന റിപ്പോർട്ട്.**

പരാതി പ്രകാരം സ്ഥലപരിശോധന നടത്തി. വടക്കേക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് 15 ലെ ഒറവൻതുരുത്ത് എന്ന പ്രദേശത്താണ് പരാതിക്ക് ആസ്പദമായ പ്രസ്തുത പീലിംഗ് ഷെഡ് സ്ഥിതി ചെയ്യുന്നത്. കെട്ടിടത്തിന്റെ വടക്കുഭാഗത്ത് പൊതു റോഡും മറ്റു മൂന്നു ഭാഗങ്ങളിലും ഏകദേശം അഞ്ച് മീറ്ററോളം വീതി വരുന്ന തോടും ആണ് സ്ഥിതി ചെയ്യുന്നത്. മേൽക്കൂര ഷീറ്റ് പാകിയ ഏകദേശം 201.79 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് പീലിംഗ് ഷെഡ് പ്രവർത്തിച്ചിരുന്നത്. അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ എതിർ കക്ഷിയായ സതീശൻ വടശ്ശേരി എന്നയാളുടെ ഉടമസ്ഥതയിൽ പഞ്ചായത്തില് കെട്ടിടം നിലവിൽ ഉള്ളതായി കണ്ടെത്തിയില്ല. പരിശോധനയിൽ കെട്ടിടത്തിന്റെ തെക്കു വശത്തും പടിഞ്ഞാറു വശത്തും തോടിനോട് ചേർന്ന് മലിന ജല ടാങ്കും സെപ്റ്റിക് ടാങ്കും ഉള്ളതായി കാണുന്നു. പീലിംഗ് ഷെഡ്ഡിൽ നിന്നുള്ള മലിനജലം സംഭരിക്കുന്ന ടാങ്കിൽ നിന്നും തെക്കുവശത്തുള്ള തോട്ടിലേക്ക് മലിനജലം ഒഴുക്കുന്ന കുഴലുകൾ സ്ഥാപിച്ചിട്ടുള്ളതായി കണ്ടെത്തി. സെപ്റ്റിക് ടാങ്കിൽ നിന്നും ഉള്ള ഓവർഫ്ലോ തോട്ടിലേക്ക് ഒഴുക്കുന്ന വിധത്തിൽ കുഴലുകൾ സ്ഥാപിച്ചിട്ടുണ്ട്. പീലിംഗ് ഷെഡ് പഞ്ചായത്ത് അനുമതിയില്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

പരിശോധന സമയത്ത് ടി പിലിംഗ് ഷെഡ് നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു. എന്നാൽ ടി പീലിംഗ് ഷെഡ് തുറന്ന സ്ഥിതിയിലും രണ്ട് വനിതാ ജീവനക്കാർ സ്ഥലത്തുണ്ടായിരുന്നതായും കണ്ടെത്തി. കൂടാതെ സെപ്റ്റേജ് ശേഖരണ വാഹനം എത്തുകയും മലിനജല ടാങ്കിൽ നിന്നുള്ള മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചതായും കാണപ്പെട്ടു. പ്രസ്തുത പീലിംഗ് ഷെഡിൽ നിന്നും മലിന ജലം പൊതുജലാശയത്തിലേക്ക് ഒഴുക്കിയതിന് വടക്കേക്കര ഗ്രാമപഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് 5000 രൂപ പിഴ അടവാക്കുന്നതിന് സതീശൻ വടശ്ശേരി എന്നയാൾക്ക് 20.03.2024 ൽ നോട്ടീസ് നൽകിയിട്ടുള്ളതും ടിയാൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതുമാണ്. പീലിംഗ് ഷെഡ്ഡിൽ നിന്നും മലിനജലം ശേഖരിക്കുന്ന ടാങ്ക് വടക്കുഭാഗത്ത് മാറ്റി സ്ഥാപിച്ച് കൃത്യമായ ഇടവേളകളിൽ മലിനജലം നീക്കം ചെയ്തും, നിലവിൽ തോട്ടിലേക്ക് സ്ഥാപിച്ചിട്ടുള്ള കുഴലുകൾ നീക്കം ചെയ്തും പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ് എന്ന് കാണുന്നു.

VADAKKEKARA GRAMA PANCHAYATH OFFICE
VADAKKEKARA P.O.

SECRETARY
VADAKKEKARA GRAMA PANCHAYATH
VADAKKEKARA (P. O.)
PHONE: 0484 2442265